**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 213** | **02-08-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തുടർച്ചയായ രണ്ട് പ്രളയവും കോവിഡ് വ്യാപനവും മൂലം പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | തുടർച്ചയായ രണ്ട് പ്രളയവും കോവിഡ് വ്യാപനവും മൂലം പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയായി വിവിധങ്ങളായ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കോവിഡ് 19 മഹാമാരിയുടെ രണ്ടാം വരവ് ഉണ്ടായ സാഹചര്യത്തിൽ വിനോദസഞ്ചാര മേഖല ഒന്നാകെ നിശ്ചലമായിരുന്നു. കഴിഞ്ഞ സർക്കാർ വിനോദസഞ്ചാര മേഖലയുടെ സ്തംഭനാവസ്ഥക്ക് പരിഹാരമായി കൊണ്ടു വന്ന വിവിധ പദ്ധതികൾ തുടരാൻ തന്നെയാണ് തീരുമാനം. ഇതിന്റെ ഭാഗമായി വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കുമായി നടപ്പാക്കി വരുന്ന ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ ഈ വർഷം കൂടി തുടരുന്നത് സംബന്ധിച്ച് പരിശോധിച്ച് വരുന്നു. ഇതിനുപുറമെ ടൂറിസം മേഖലയുടെ ഉത്തേജനത്തിനായി നടപ്പാക്കിവന്ന പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ പുതിയ രൂപത്തിൽ അവതരിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഡിജിറ്റൽ, സോഷ്യൽ മീഡിയ, പ്രിന്റ്, ടി.വി, റേഡിയോ, ഒ.ടി.ടി മാധ്യമങ്ങൾ വഴി കേരള ടൂറിസം പുനരുജ്ജീവനത്തിന്റെ പാതയിലാണെന്നും സുരക്ഷിതമാണെന്നും ഉള്ള സന്ദേശം രാജ്യത്തും വിദേശത്തും എത്തിക്കാനാകുമെന്നും കരുതുന്നു. ഇതിനു പുറമെ വിനോദസഞ്ചാര വകുപ്പ് അംഗീകാരം/ അക്രഡിറ്റേഷൻ നൽകിവരുന്ന ആയുർവേദ സെന്ററുകൾ, റസ്റ്റോറന്റുകൾ, ഹോംസ്റ്റേകൾ, |

| | | | |
|---|---|---|---|
| | | | സർവീസ്ഡ് വില്ലകൾ, ഗൃഹസ്ഥലി, അമ്യൂസ്മെന്റ് പാർക്ക്, അഡ്വഞ്ചർ ടൂറിസം, ഗ്രീൻഫാം, ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ എന്നിവ യാതൊരു ഉപാധിയുമില്ലാതെ 2021 ഡിസംബർ 31 വരെ പുതുക്കി നൽകാനും തീരുമാനമായിട്ടുണ്ട്. 2020 ജനുവരി 01 മുതൽ 2021 ഡിസംബർ 31 വരെ കാലാവധി അവസാനിക്കുന്ന ഇത്തരം എല്ലാ സംരംഭങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. ഇതു കൂടാതെ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് റിവോൾവിംഗ് ഫണ്ട് നൽകാനുള്ള പദ്ധതിയും പരിഗണനയിലാണ്. |
| (ബി) | കോവിഡ് മൂലം പ്രവർത്തനങ്ങൾ നിലച്ച ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളുടെ വരവ് മുന്നിൽ കണ്ട് അടിസ്ഥാനസൗകര്യ വികസനം നടത്തുന്നതിന് ശ്രദ്ധ നൽകുമോയെന്ന് അറിയിക്കാമോ; | (ബി) | ശ്രദ്ധ നൽകുന്നതാണ്. |
| (സി) | അടുത്ത രണ്ട് വർഷത്തേക്കെങ്കിലും കോവിഡുമായി ജീവിച്ചു പോകേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ ആയതുകൂടി പരിഗണിച്ചുകൊണ്ട് ടൂറിസത്തെ ഏതൊക്കെ രീതിയിൽ പ്രോത്സാഹിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയിൽ അനുഭവപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നു. കോവിഡിന്റെ ഒന്നാം തരംഗം അവസാനിച്ച മുറക്ക് സംസ്ഥാനത്തെ കടൽ / കായൽ / ഹിൽസ്റ്റേഷനുകൾ എന്നിവ സഞ്ചാരികൾക്കായി തുറന്നു നൽകിയിരുന്നു. എന്നാൽ ഏപ്രിൽ അവസാനത്തോടെ ആരംഭിച്ച രണ്ടാം തരംഗം മൂലം വീണ്ടും എല്ലാ കേന്ദ്രങ്ങളും അടച്ചുപൂട്ടേണ്ടി വന്നു. രണ്ടാം തരംഗം കുറയുന്ന മുറക്ക് വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് പരിമിതമായ അളവിലെങ്കിലും സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കാനാകും എന്ന് കരുതുന്നു. ടൂറിസം വകുപ്പ് ഇനി നടത്താൻ പോകുന്ന പ്രചരണ പരിപാടികളിലും മുൻതൂക്കം നൽകുക ആഭ്യന്തര വിനോദസഞ്ചാര പ്രോത്സാഹനമാകും. 'സുരക്ഷിതമാണ് കേരളം' എന്ന പ്രചരണം നടത്തിയാകും ഇതിന് ആരംഭം കുറിക്കുക. നിക്ഷേപകർക്കും തൊഴിലാളികൾക്കും സഹായകരമാകുന്ന പദ്ധതികൾ കൂടി നടപ്പിലാകുമ്പോൾ വിനോദസഞ്ചാര മേഖലക്ക് കുറച്ച് ആശ്വാസമാകുമെന്നും കരുതുന്നു. |
| (ഡി) | കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പരിമിതമായ രീതിയിൽ തീർത്ഥാടക ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഡി) | കോവിഡിന്റെ മൂന്നാം തരംഗം മുന്നിൽ കണ്ട് ആരോഗ്യ വകുപ്പ് നിഷ്കർഷിക്കുന്ന മാനദണ്ഡം അനുസരിച്ച് മാത്രമേ തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ടൂറിസം കേന്ദ്രങ്ങൾ തുറന്നു കൊടുക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. കോവിഡ് മാനദണ്ഡ പ്രകാരം ഇത്തരത്തിലുള്ള ടൂറിസം കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിക്കാൻ |

| | | | |
|---|---|---|---|
| | | | അനുവാദം ലഭിക്കുന്നതിനനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ടൂറിസം ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പരിസ്ഥിതി സൗഹാർദപരവുമായ വികസനത്തിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാനുകളുടെ നടത്തിപ്പ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഇ) | വിനോദസഞ്ചാരികളെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്നതിനു വേണ്ടി സമഗ്രവും, സുസ്ഥിരവും, പ്രകൃതി സൗഹൃദപരവുമായ വികസനം നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടമായാണ് മാസ്റ്റർപ്ലാനുകൾ ടൂറിസം വകുപ്പ് തയ്യാറാക്കുന്നത്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു. ഡെവലപ്മെന്റ് പ്ലാൻ ഫോർ കോവളം- പൂവാർ ടൂറിസം കോറിഡോർ ഡെവലപ്മെന്റ് പ്ലാൻ ഫോർ കുമരകം ഗോൾഡൻ വാലി (പൊൻമുടി) നിലമ്പൂർ മാസ്റ്റർപ്ലാൻ അഷ്ടമുടി മാസ്റ്റർപ്ലാൻ ഡെവലപ്മെന്റ് പ്ലാൻ ഫോർ തേക്കടി ഫോർട്ട് കൊച്ചി മാസ്റ്റർപ്ലാൻ കക്കയം - പെരുവെണ്ണാമൂഴി മാസ്റ്റർപ്ലാൻ കാലടി - മലയാറ്റൂർ - ആതിരപ്പള്ളി മാസ്റ്റർപ്ലാൻ നിളാ മാസ്റ്റർപ്ലാൻ മൂന്നാർ സ്പെഷ്യൽ ടൂറിസം സോൺ നോർത്ത് മലബാർ റീജിയേൺ തലശ്ശേരി മാസ്റ്റർപ്ലാൻ ഇതിൽ ഫോർട്ട് കൊച്ചി, തലശ്ശേരി, നോർത്ത് മലബാർ റീജിയേൺ എന്നീ മാസ്റ്റർപ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ